**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2316** **30-09-2025 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ഫാർമസിയിൽ നിന്നുള്ള മരുന്ന് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി മുൻകൂർ പണമടച്ചിട്ടും കാരുണ്യഫാർമസിയിൽ നിന്ന് മരുന്നുകൾ കൃത്യമായി വിതരണം ചെയ്യുന്നില്ലെന്ന വ്യാപക പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തദ്ദേശ സ്വയംഭരണ പദ്ധതികൾ വഴി നിലവിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ കീഴിൽ തൃശ്ശൂർ ഡിപ്പോ വഴി തൃശ്ശൂർ, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലേയ്ക്കും കൊല്ലം ഡിപ്പോ വഴി ബാക്കി 11 ജില്ലകളിലേയ്ക്കും യുദ്ധകാലാടിസ്ഥാനത്തിൽ മരുന്നുകൾ വിതരണം ചെയ്തു വരുന്നു. LSGD പദ്ധതി പ്രകാരം മരുന്ന് വിതരണത്തിനായി 1,47,57,77,349/- രൂപ കോർപറേഷന്റെ അക്കൗണ്ടിൽ കൈമാറിയിട്ടുള്ളതിൽ 1,13,40,35,765/- രൂപയുടെ മരുന്നുകൾ ഇതിനകം വിതരണം ചെയ്തു കഴിഞ്ഞു. വിതരണം ചെയ്യുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിതരണം ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | സർക്കാർ ഫണ്ടിൽ നിർധന രോഗികൾക്ക് സൗജന്യമായി നൽകേണ്ട മരുന്നുകളുടെ വിതരണം തടസ്സപ്പെട്ടിട്ടുള്ള സാഹചര്യം പരിശോധിക്കുമോ; | (ബി) | LSGD പദ്ധതി വഴി ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും തുക കൈമാറിയ ഇൻവോയ്സുകൾക്ക് ആനുപാതികമായ എല്ലാ മരുന്നുകൾക്കും പർച്ചെയ്സ് ഓർഡർ നൽകി ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. പ്രസ്തുത മരുന്നുകൾക്ക് ദൗർലഭ്യം നേരിടുന്ന പക്ഷം മറ്റ് കാരുണ്യ ഫാർമസികളിൽ നിന്നോ ഡിപ്പോകളിൽ നിന്നോ ക്രമീകരിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ജീവിതശൈലി രോഗങ്ങൾക്ക് സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന സാധാരണക്കാരുടെ പ്രയാസങ്ങൾ കണക്കിലെടുത്ത് കാരുണ്യഫാർമസികൾ വഴി എത്രയും വേഗം മരുന്ന് വിതരണം നടത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ പൊതുജനങ്ങൾക്ക് മരുന്നുകൾ കൃത്യമായി നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ